**ജിന്നും ഇഫ്‌രീത്തും കുട്ടിച്ചാത്തന്മാരും ഇബ്‌ലീസും കൂടുകൂട്ടിയിരുന്ന ബഷീറിന്റെ കുഞ്ഞിപ്പാത്തുമ്മയുടെ തട്ടത്തിൽനിന്ന് ആപേക്ഷിക സിദ്ധാന്തത്തിന്റെ അടിക്കല്ലിളക്കുന്ന ഹനാൻ ബിൻത് ഹാശിമിന്റെ മഫ്തയിലേക്കുള്ള ദൂരമാണ് തട്ടവും മഫ്തയും തമ്മിലുള്ളത്. പർദയും മഫ്തയും ധരിക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരികളെ വിമർശിക്കാൻ കാരശ്ശേരിയെപ്പോലുള്ള പുരുഷന്മാർക്ക് എന്തവകാശം എന്നും ചോദിക്കേണ്ടതുണ്ട്. ഈ യുവതികൾ സ്വയം സംസാരിക്കാൻ അറിയുന്നവരാണ്. അതിനാൽ ഗായത്രീ സ്പിവാക് പറഞ്ഞപോലെ സ്വന്തം പക്ഷത്തിരുന്ന് സംസാരിക്കാൻ എന്തുകൊണ്ട് അവരെ അനുവദിച്ചുകൂടാ?**


ലേഖനം

●

**ഡോ. ഉമർ ഒ. തസ്നീം**


# (തട്ടം) കുഞ്ഞിപ്പാത്തുമ്മയിൽനിന്ന് (മഫ്ത) ഹനാൻ ബിൻത് ഹാശിമിലേക്ക്

**'മുസ്‌ലിം** സ്ത്രീ: പദവികളുടെ പുറം പോക്കുകൾ' എന്ന ശീർഷകത്തിൽ (*മാതൃഭൂമി* ആഴ്ചപ്പതിപ്പ്, സെപ്റ്റംബർ 27) എം.എൻ കാരശ്ശേരി എഴുതിയ ലേഖനമാണ് ഈ കുറിപ്പിന്നാധാരം. പർദയെ കുറിച്ചുള്ള അച്ച് മാതൃകകളുടെ (Stereotypes) ലളിത യുക്തിക്ക് എളുപ്പം വഴങ്ങിക്കൊടുക്കുന്ന ലേഖകൻ സാംസ്കാരിക ചിഹ്നങ്ങളുടെ അർഥത്തെ സന്ദർഭനിരപേക്ഷവും സ്ഥായീവൽകൃതവുമായി വിലയിരുത്തുന്നു. കാരശ്ശേരിയുടെ അഭിപ്രായത്തിൽ വർത്തമാന മലയാള സാഹചര്യത്തിൽ പർദയുടെ രംഗപ്രവേശം പ്രതിലോമത്വത്തിന്റെയും നിഷേധാത്മകതയുടെയും വിജയമാണ്. പർദക്കകത്തെ പെണ്ണ് ഈ വായനയനുസരിച്ച് നിത്യ തടവറയിലാണ്.

മുഖം മുച്ചൂടും മൂടുന്ന, കൺമുന്നിലെ താക്കോൽ സുഷിരങ്ങളിലൂടെ മാത്രം ലോകം കാണാൻ കഴിയുന്ന പർദയാചരിക്കുന്നവർ കേരള മുസ്‌ലിംകൾക്കിടയിൽ ഒരതിസൂക്ഷ്മ ന്യൂനപക്ഷമാണ്. അതി

നാൽ കേരള മുസ്ലിംകൾ പുതുതായി പർദയിലേക്ക് പ്രവേശിക്കുന്നുവെന്നതുകൊണ്ട് ലേഖകൻ ഉദ്ദേശിക്കുന്നത് പാർസിയിലെ തിരശ്ശീലയെന്നർഥം വരുന്ന പർദയല്ലെന്നും, മുഖവും മുൻകൈയുമൊഴിച്ചുള്ള ശരീരഭാഗങ്ങൾ മറക്കുന്ന, മലയാളികൾ മഫ്തയെന്ന് പറയുന്ന അറബിയിലെ ഹിജാബാണെന്നതും വ്യക്തം.




ഖുർആന്റെ ശാസനപ്രകാരം സ്ത്രീയും പുരുഷനും അപര ലിംഗത്തിന് ഇക്കിളിയുണ്ടാക്കുന്ന വസ്ത്രരീതികളിൽനിന്ന് വിട്ടുനിൽക്കേണ്ടതാണ്. പക്ഷേ മാന്യമായ വസ്ത്രധാരണത്തിന്റെ അളവും ചാണും അത് വിവരിക്കുന്നില്ല. മുഖവും മുൻകൈയും മാത്രം വെളിവാകുന്ന വസ്ത്രം ധരിച്ച് നബിയുടെ കാലത്ത് സ്ത്രീകൾ, പുരുഷന്മാരിൽനിന്ന് വേർതിരിക്കുന്ന മറയോ ചുമരോ ഇല്ലാതെ നമസ്കരിച്ചിരുന്നു. അതിനാൽ മുഖവും മുൻകൈയും മറക്കേണ്ടതില്ലെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. കാരശ്ശേരിയുടെ അഭിപ്രായത്തിൽ, പഴയ കുഞ്ഞിപ്പാത്തുമ്മത്തട്ടം കേരളീയ കാലാവസ്ഥക്കും പ്രബുദ്ധതക്കും ചേർന്നതായിരുന്നുവെങ്കിൽ പുതിയ ഹൂർലിൻ, പർവീൻ പർദകൾ അന്ധകാരത്തെയും 'പിറകോട്ടു'പോക്കിനെയും കുറിക്കുന്നു.

ഒരു സാംസ്കാരിക ചിഹ്നം എന്ന നിലക്ക് പർദയുടെ അർഥം ലളിതമായ ഇത്തരം സ്ഥായീവൽക്കരണങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്; അത് വ്യക്തിത്വ നിരാസത്തെയും ലൈംഗികാടിമത്തത്തെയും കുറിക്കുന്നുവെന്ന പ്രതീചീവിദ്വാന്മാരുടെ (oriental-ists) നൂറ്റാണ്ടുകളായുള്ള വാമൊഴികൾ മലയാളത്തിൽ ആവർത്തിക്കപ്പെടുമ്പോൾ വിശേഷിച്ചും.

മത ഭൂമിശാസ്ത്ര അതിർത്തികളെ ഉല്ലംഘിച്ച് നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു സ്ഥാപനമെന്ന നിലക്ക് പർദയെ അവലോകനം ചെയ്ത പ്രശസ്ത ബ്രിട്ടീഷ് എഴുത്തുകാരി ഡാഫ്നെ ഗ്രെയ്സിന്റെ അഭിപ്രായത്തിൽ, ശിരോവസ്ത്രം സാഹചര്യമനുസരിച്ച് അടിമത്തത്തിന്റെയോ വിമോചനത്തിന്റെയോ ഉപാധിയായേക്കാം. ഭർത്താവിന്റെയോ രക്ഷിതാക്കളുടെയോ സമ്മർദത്തിന് വഴങ്ങി തലമറക്കുന്ന സ്ത്രീക്ക് അത് ദണ്ഡനത്തിന്റെ പ്രതീകമായിരിക്കും. എന്നാൽ അപരലിംഗത്തിന്റെ ദൃഷ്ടിഭോഗത്തെ ചെറുക്കുകയും ദൈവപ്രീതി കാംക്ഷിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ പർദ ധരിക്കുന്ന ചെറുപ്പക്കാരിക്ക് അതൊരാത്മീയ ധന്യതയും ചൈതന്യ സ്രോതസ്സുമായിരിക്കും.

*ദ വുമൺ ഇൻ ദ മസ്ലിൻ മാസ്ക്* എന്ന കൃതിയിൽ ഗ്രെയ്സ് ഉത്തരാധുനിക സാഹിത്യ സങ്കേതങ്ങളുപയോഗിച്ച് വസ്ത്രത്തിന്റെ അർഥമാനങ്ങൾ വിലയിരുത്തുന്നു. അവരുടെ അഭിപ്രായത്തിൽ ഘടനാനന്തരവാദികൾ പറയാറുള്ളത് പോലെ, എല്ലാ സാംസ്കാരിക ചിഹ്നങ്ങളുടെയും അർഥം അസ്ഥായിയും ആപേക്ഷികവുമാണ്. ഈ പരിപ്രേക്ഷ്യത്തിലൂടെ നോക്കിയാൽ താലിബാന്റെ അതിയാഥാസ്ഥിതിക

ഭരണത്തിനു കീഴിൽ മൂടുപടമാചരിക്കാൻ നിർബന്ധിതരായ സ്ത്രീകൾക്ക് അത് വ്യക്തിത്വ നിരാസത്തിന്റെയും അടിമത്തത്തിന്റെയും അടയാളമായി തോന്നിയിട്ടുണ്ടാകാം. എന്നാൽ, അൾജീരിയയിൽ ഫ്രഞ്ച് അധിനിവേശത്തെ ചെറുക്കാൻ അടരാടിയ സ്ത്രീരത്നങ്ങൾക്ക് പർദ ഒരു പടച്ചട്ടയും വിമോചനയുദ്ധത്തിന്റെ പ്രതീകവുമായിരുന്നു. ഫ്രൻസ് ഫാനനെ പോലുള്ള കിടയറ്റ സാമ്രാജ്യത്വവിരുദ്ധ സൈദ്ധാന്തികർ പോലും ഈ ചരിത്രസന്ധിയിൽ പർദയെ അധിനിവേശ വിരോധത്തിന്റെ പ്രതീകമായാണ് കണ്ടതെന്ന് ഗ്രെയ്സ് ചൂണ്ടിക്കാട്ടുന്നു. സാമ്രാജ്യത്വം തദ്ദേശീയരുടെ ഭൂമിയുടെ മാത്രം അധിനിവേശമായിരുന്നില്ല; മറിച്ച് ഫെമിനിസ്റ്റ് സൈദ്ധാന്തികർ പറയാറുള്ളതു പോലെ, അത് ഒരേയവസരം പ്രകൃതിക്കും സ്ത്രീക്കും നേരെയുള്ള കൈയേറ്റമായിരുന്നു. അതിനാൽ തന്നെ പർദ സാമ്രാജ്യത്വ ദൃഷ്ടിയെ (imperial gaze) ചെറുക്കാനുള്ള ഒരായുധമായി മാറി. ഇന്നും പർദയെന്ന് കേൾക്കുമ്പോൾ നിക്കോളസ് സർക്കോസിയെപ്പോലുള്ളവർ വിറളി പിടിക്കുന്നതിന് പിന്നിൽ ചെറുത്തുനിൽപിന്റെ

**തങ്ങൾ സ്വതന്ത്രരാണെന്ന മിഥ്യാ പ്രതീതി ഉപഭോക്താക്കളിൽ ജനിപ്പിച്ച് അവരെ നാനാഭാഗത്തുനിന്നും വരിഞ്ഞുമുറുക്കുകയാണ് കമ്പോള കൊളോണിയലിസം ചെയ്യുന്നത്. സ്ത്രീശരീരം കമ്പോളശക്തികളുടെ പരസ്യപ്പലകകളായി മാറുന്നത് ഇവിടെയാണ്. വിരലുകൾക്ക് ശ്വാസംവിടാൻ കഴിയാത്തവിധം ഇടുങ്ങിയ, മടമ്പുയർന്ന ഷൂ ധരിക്കുന്ന സ്ത്രീ കമ്പോള വ്യവസ്ഥയുൽപാദിപ്പിക്കുന്ന സൗന്ദര്യ സങ്കൽപത്തിന്റെ അടിമയാണ്.**

ഇത്തരം ചരിത്രസ്മരണകളുടെ ശേഷിപ്പുകളുണ്ട്.

സാമ്രാജ്യത്വ ദൃഷ്ടിയുടെ ഇതേ അസന്തുലിത ഘടനയാണ് പുരുഷ മേൽക്കോയ്മ എന്നും ആഗ്രഹിച്ചത്. അതിനാലാണ് സ്വാതന്ത്ര്യാനന്തര സമൂഹങ്ങളിലും സ്ത്രീകൾ ശിരോവസ്ത്രം ചെറുത്തുനിൽപിന്റെ പ്രതീകമായി കാണുന്നത്. ദൃഷ്ടിഭോഗാസക്തിയെ പ്രതിരോധിക്കുന്ന പർദ പുരുഷന് അലോസരമായി ഭവിക്കുന്നു. സൽമാൻ റുശ്ദിയുടെ *അർധരാത്രിയുടെ പയ്യന്മാരിൽ* സലീം സീനായ്ക്ക് തന്റെ മുമ്പിൽ മറച്ചു പിടിക്കപ്പെട്ട സ്ത്രീശരീരം ഒരേയവസരം വെല്ലുവിളിയും നൊമ്പരവും അലോസരവുമായാണനുഭവപ്പെടുന്നത്. കാരശ്ശേരിയുടെ പരിദേവനത്തിനും ഈ നൊമ്പരവുമായി സമാനതയുണ്ട്.

## നഗ്നതയും സ്വാതന്ത്ര്യവും

സ്ത്രീയുടെ നഗ്നമേനി അവരുടെ സ്വാതന്ത്ര്യത്തിന്റെയും ഉൽബുദ്ധതയുടെയും മാപിനിയായി കാണുന്ന പ്രവണത ആധുനികതയുടെ നിർമിതിയാണ്. നഗ്നവും അർധ നഗ്നവുമായ സ്ത്രീശരീരം അഭിനവകമ്പോള വ്യവസ്ഥയുടെയും അധിനിവേശഭാവനയുടെയും നിതാന്തവേദിയാണെന്ന വസ്തുത ഇവിടെ സൗകര്യപൂർവം വിസ്മരിക്കപ്പെടുന്നു. ആധുനിക മുതലാളിത്ത സമൂഹങ്ങളിൽ വ്യവസ്ഥാ ലോകത്തിന് (System world), ജീവലോകത്തിന് (Life world)മേൽ അധീശത്വം സ്ഥാപിക്കാനുതകുന്ന ബഹുവിധ മാർഗങ്ങളെക്കുറിച്ച് ഹേബർമാസ് വിശദമായി പ്രതിപാദിച്ചതാണ്. തങ്ങൾ സ്വതന്ത്രരാണെന്ന മിഥ്യാ പ്രതീതി ഉപഭോക്താക്കളിൽ ജനിപ്പിച്ച് അവരെ നാനാഭാഗത്തുനിന്നും വരിഞ്ഞുമുറുക്കുകയാണ് കമ്പോള കൊളോണിയലിസം ചെയ്യുന്നത്. സ്ത്രീശരീരം കമ്പോളശക്തികളുടെ പരസ്യപ്പലകകളായി മാറു


■ ഗായത്രി സ്പിവാക്


■ കമലാ സുറയ്യ


■ ഇവോൺ റിഡ്‌ലി

ന്നത് ഇവിടെയാണ്. വിരലുകൾക്ക് ശ്വാസംവിടാൻ കഴിയാത്തവിധം ഇടുങ്ങിയ, മട മ്പുയർന്ന ഷൂ ധരിക്കുന്ന സ്ത്രീ കമ്പോള വ്യവസ്ഥയുൽപാദിപ്പിക്കുന്ന സൗന്ദര്യ സങ്കൽപത്തിന്റെ അടിമയാണ്. താൻ സ്വതന്ത്രയാണെന്ന അവളുടെ വിചാരം വെറും ഒരു ഹാലുസിനേഷൻ! പടിഞ്ഞാറിന് അതിന്റെ ഗുണനിലവാരമില്ലാത്ത മിച്ച ഉൽപ ന്നങ്ങൾ വിറ്റഴിക്കാൻ നഗ്നമായ സ്ത്രീമേനിയാണാവശ്യം; അതിനാലാണ് അവർക്ക് പർദയോട് തീരാത്ത അരിശമെന്ന് ഇറാനിയൻ എഴുത്തുകാരി രഹ്നാ വർദയുടെ നിരീക്ഷണം ഇവിടെ പ്രസക്തം.

പർദ ചരിത്രപരമായി അടിമത്തത്തെ കുറിക്കുന്നുവെന്ന പരമ്പരാഗത ധാരണ ഈയിടെ ഏറെ തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ട്. ഉസ്മാനി കൊട്ടാരങ്ങൾ സന്ദർശിച്ച് അവിടത്തെ ഹറമുകളിൽ താമസിച്ച മേരി മൊണ്ടേഗുവിനെ പോലുള്ള വർ നിരീക്ഷിച്ചത്, ഉസ്മാനീ സ്ത്രീകൾ സമകാലീനരായ യൂറോപ്യൻ സ്ത്രീകളെ അപേക്ഷിച്ച് ഏറെ സ്വതന്ത്രരാണെന്നാണ്. അവരിൽ പലർക്കും സ്വന്തമായി വരു മാന സ്രോതസ്സുകളുണ്ടായിരുന്നതായും ഭർത്താവിനോടാലോചിക്കാതെ അവ കൈകാര്യം ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരുന്നതായും അവർ വിലയിരുത്തുന്നു. ഈയ ഭിപ്രായം ശരിവെക്കുന്ന ബില്ലീ മെൽമാൻ വിക്ടോറിയൻ, മാർച്ചട്ട(corset)യുമായി താരതമ്യം ചെയ്യുമ്പോൾ ശിരോവസ്ത്രം നിരുപദ്രവകാരിയാണെന്ന് വിലയിരുത്തു ന്നു.

സുഊദി അറേബ്യയിലെ ഒരു സർവകലാശാലയിൽ ഏതാനും വർഷം പഠി പ്പിച്ചപ്പോഴും ലണ്ടനിലെ ഒരു മേത്തരം കലാലയത്തിൽ ഗവേഷണത്തിനവസരം കിട്ടി യപ്പോഴും ഈ ലേഖകന് ബോധ്യപ്പെട്ടതും മറിച്ചായിരുന്നില്ല. സുഊദി അറേബ്യ യിൽ സ്ത്രീക്കും പുരുഷനും പരസ്പരം കൂടിക്കലരാൻ അവസരമില്ലെന്നത് ശരി; പക്ഷേ സ്ത്രീകൾക്കായി പ്രത്യേക ജിമ്മുകളും സ്വിംമ്മിംഗ് പൂളുകളും ഉന്നത വിദ്യാ ഭ്യാസ സ്ഥാപനങ്ങളും എല്ലാമുണ്ട്. ഇവിടത്തെ സർക്കാർ ശമ്പള പട്ടികയിൽ 40 ശത മാനത്തിലധികം സ്ത്രീകളാണെന്നത് പുറംലോകത്തിന് കൗതുകകരമായ വസ്തുത യാണ്.

തെരുവുകളിലൂടെ ഇവർ സഞ്ചരിക്കുന്നത് കാണുമ്പോൾ ചലിക്കുന്ന കറുത്ത കൂടാരങ്ങളായി തോന്നും. കാരശ്ശേരി പറഞ്ഞതുപോലെ ശരീരം മൊത്തം മൂടുന്ന ഇവരുടെ വസ്ത്രധാരണരീതി ഇസ്‌ലാമിക ശാസനകൾക്കപ്പുറമാണ്. അതിന്റെ ഉത്ഭവം ഇസ്‌ലാം പൂർവ അറേബ്യയിലെ ഗോത്രാചരണങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. പക്ഷേ ചലിക്കുന്ന ഈ കൂടാരങ്ങൾക്കകത്ത് പ്രവർത്തിക്കുന്ന തലച്ചോറുകളും മിടി ക്കുന്ന ഹൃദയവുമുണ്ടെന്നറിഞ്ഞത് ബദവികളുമായി അടുത്തിടപഴകിയപ്പോഴാണ്. സർവകലാശാലാ വിദ്യാർഥികളുടെ ഉമ്മമാരും പെങ്ങന്മാരുമെല്ലാമായിരുന്ന അവർ

**മുഖം മുച്ചൂടും മൂടുന്ന, കൺമുന്നിലെ താക്കോൽ സുഷിരങ്ങളിലൂടെ മാത്രം ലോകം കാണാൻ കഴിയുന്ന പർദയാചരിക്കുന്നവർ കേരള മുസ്‌ലിംകൾക്കിടയിൽ ഒരതിസൂക്ഷ്മ ന്യൂനപക്ഷമാണ്. അതിനാൽ കേരള മുസ്‌ലിംകൾ പുതുതായി പർദയിലേക്ക് പ്രവേശിക്കുന്നുവെന്നതുകൊണ്ട് ലേഖകൻ ഉദ്ദേശിക്കുന്നത് പാർസിയിലെ തിരശ്ശീലയെന്നർഥം വരുന്ന പർദയല്ലെന്നും, മുഖവും മുൻകൈയുമൊഴിച്ചുള്ള ശരീരഭാഗങ്ങൾ മറക്കുന്ന, മലയാളികൾ മഫ്തയെന്ന് പറയുന്ന അറബിയിലെ ഹിജാബാണെന്നതും വ്യക്തം.**

അധ്യാപികമാരും നഴ്‌സ്മാരും മാത്രമായിരുന്നില്ല, വലിയ വാണിജ്യ സംരംഭങ്ങളുടെ ഉടമകളും മറ്റുമൊക്കെയായിരുന്നു. എന്തിനധികം, സുഊദി സ്ത്രീകളുടെ ദേശീയ സമ്പത്തിലെ ആനുപാതിക വിഹിതം യൂറോപ്യൻ രാജ്യങ്ങളുടേതിനേക്കാൾ കൂടുതലാണ്.

ലണ്ടൻ സ്‌കൂൾ ഓഫ് ഇക്കണോമിക്‌സിൽ ഒരു വർഷം ചെലവഴിച്ച ഞാൻ, അവിടത്തെ മുസ്‌ലിം വിദ്യാർഥിനികളിൽ ഭൂരിഭാഗവും മഫ്ത ധരിക്കുന്നവരായാണ് കണ്ടത്. വെർജീനിയാ വൂൾഫ് A Room of One's Own എന്ന പ്രബന്ധത്തിൽ പറഞ്ഞപോലെ, സ്വകാര്യതയുടെ ഒരു തുരുത്ത് നൽകാൻ പർദക്ക് കഴിയുമെന്ന് അഭ്യസ്തവിദ്യരായ ഈ സ്ത്രീകൾ വിശ്വസിക്കുന്നു. ഇവോൺ റിഡ്‌ലിയെയും കാഥറീൻ ബുള്ളക്കിനെയും കമലാ സുറയ്യയെയും പോലുള്ള സ്ത്രീകൾ പർദയിലേക്കാകൃഷ്ടരാവുന്നതിനും കാരണം മറ്റൊന്നല്ല. ഭർത്താക്കന്മാരുടെയും രക്ഷിതാക്കളുടെയും ചിറക് പറ്റി അധികാര സോപാനങ്ങളിലേറിയ, കാരശ്ശേരി വിവരിക്കുന്ന, ലേഡീ ലിയാഖത്ത്മാരേക്കാളും ഫിറോസ്‌കളേക്കാളും ഒട്ടും താഴെയല്ല ഇവരുടെയൊന്നും സാമൂഹിക പദവികൾ.

കാരശ്ശേരി കേരളീയ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും അനുയോജ്യമായി കാണുന്ന തട്ടത്തിൽനിന്ന് മഫ്തയിലേക്കുള്ള ദൂരം ഏതാനും ഇഞ്ചുകളുടേതാണ്. എന്നാൽ ഈ കാലയളവിൽ മുസ്‌ലിം സ്ത്രീകൾക്ക് വിദ്യാഭ്യാസ സാംസ്‌കാരിക രംഗങ്ങളിലുണ്ടായ പുരോഗതി പ്രകാശവർഷങ്ങൾ കൊണ്ട് അളക്കേണ്ടതാണ്. മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളടക്കമുള്ള ഉന്നത കലാലയങ്ങളിലെ അവരുടെ സജീവ സാന്നിധ്യം ഇതിന് നിദർശനമായി കാണാം. ജിന്നും ഇഫ്‌രീത്തും കുട്ടിച്ചാത്തന്മാരും ഇബ്‌ലീസും കൂടുകൂട്ടിയിരുന്ന ബഷീറിന്റെ കുഞ്ഞിപ്പാത്തുമ്മയുടെ തട്ടത്തിൽനിന്ന് ആപേക്ഷിക സിദ്ധാന്തത്തിന്റെ അടിക്കല്ലിളക്കുന്ന ഹനാൻ ബിൻത് ഹാശിമിന്റെ മഫ്തയിലേക്കുള്ള ദൂരമാണ് തട്ടവും മഫ്തയും തമ്മിലുള്ളത്.

പർദയും മഫ്തയും ധരിക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരികളെ വിമർശിക്കാൻ കാരശ്ശേരിയെപ്പോലുള്ള പുരുഷന്മാർക്ക് എന്തവകാശം എന്നും ചോദിക്കേണ്ടതുണ്ട്. ഈ യുവതികൾ സ്വയം സംസാരിക്കാൻ അറിയുന്നവരാണ്. അതിനാൽ ഗായത്രീ സ്പിവാക് പറഞ്ഞപോലെ സ്വന്തം പക്ഷത്തിരുന്ന് സംസാരിക്കാൻ എന്തുകൊണ്ട് അവരെ അനുവദിച്ചുകൂടാ? ഓർഹാൻ പാമുക്കിന്റെ *മഞ്ഞ്* എന്ന നോവലിലെ നായിക ഖാദിഫിനെ വേദിയിൽ വെച്ച് പരസ്യമായി ശിരോവസ്ത്രാക്ഷേപത്തിന് നിർബന്ധിക്കുന്ന സുനായ് സായിമിനെ അവർ നേരിടുന്നത് വെടിയുണ്ട കൊണ്ടാണ്. സ്ത്രീയുടെ വസ്ത്രാവകാശത്തിനു മേൽ കൈവെച്ചതിന് പുരുഷന് ലഭിച്ച പ്രതിഫലം! കാരശ്ശേരീ, നമുക്ക് മാറി നിൽക്കാം!! ■